**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 620** **24-08-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായങ്ങളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി രജിസ്റ്റർ ചെയ്യുന്ന സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പ്രത്യേകം രജിസ്റ്റർ ചെയ്തേണ്ടതില്ല. എന്നാൽ ചെറുകിട മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മുന്നോട്ട് വരുന്ന സംരംഭകർക്ക് വിവിധ സാമ്പത്തിക ആനുകൂല്യങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നൽകി വരുന്നുണ്ട്.<br><br>ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനായി മുന്നോട്ട് വരുന്ന സംരംഭകർക്ക് താഴെപ്പറയുന്ന വിവിധങ്ങളായ സഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്.<br><br>1. സംരംഭക സഹായ പദ്ധതി (ESS)<br><br>2.നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br><br>3.ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്<br><br>4.കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി<br><br>5.പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br><br>6.സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി<br><br>കൂടാതെ 2022- 23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച താഴെപ്പറയുന്ന പദ്ധതികളും പുതുതായി ആരംഭിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>1. ഒരു കുടുംബം ഒരു സംരംഭം പദ്ധതി |

2. സ്റ്റാർട്ടപ്പുകൾക്ക് മാനുഫാക്ചറിംഗ് പ്രവർത്തനങ്ങൾക്കായുള്ള സഹായം

കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികൾക്ക് സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കിക്കൊണ്ട് എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻറെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ പ്രൊഫഷനൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നു വരുന്നു. ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് സംരംഭകർക്ക് നേരിട്ടുള്ള സഹായം നൽകുന്നതിനും, സംരംഭക വർഷവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിനുമായി ബിടെക്/ എം.ബി.എ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭകർക്കുള്ള ഹെല്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആഴ്ചയിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം സംരംഭകർക്ക് ലഭ്യമാകുന്നതാണ്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ സംശയ ദൂരീകരണത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംരംഭകവർഷത്തിന്റെ ഭാഗമായി പ്രാദേശികമായി സംരംഭകരെ കണ്ടെത്തുന്നതിന് കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും, മെയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുത്ത സംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായപദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. പൊതുബോധവൽക്കരണ പരിപാടിയുടെ തുടർച്ചയായി, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2022 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ ലോൺ/ സബ്സിഡി മേളകൾ നടത്തി വരുന്നുണ്ട്. ഒരു തദ്ദേശ സ്ഥാപന തലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാരിന്റെ കാലയളവിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി എത്ര സംരംഭകർ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പ്രത്യേകം രജിസ്റ്റർ ചെയ്തേണ്ടതില്ല. എന്നാൽ പുതുതായി ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ഫീൽഡ് തല ഉദ്യോഗസ്ഥർ വഴി ശേഖരിച്ച് വരുന്നുണ്ട്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ എം ഐ എസ് സംവിധാനത്തിലെയും സംരംഭക വർഷം പദ്ധതിയുടെ ഓൺലൈൻ പോർട്ടലിലെയും കണക്കുകൾ പ്രകാരം നിലവിലെ സർക്കാരിന്റെ കാലയളവിൽ ഇത് വരെ ആകെ 63,334 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ